നം.കെ.എസ്.എ.-ഐ.ഡി.കെ.-**10/67/2017**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ

Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
തീയതി. 18.01.2016

## ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

***************************

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 26.04.2016 മുതൽ 09.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.01.2017 മുതൽ 13.01.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബേബി സന്ധ്യജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ. എം.യു.സണ്ണി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺമാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ്ചാക്കോ | സീ.ഗ്രേ. ഓഡിറ്റർ |
| | ശ്രീ. എബി എബ്രാഹം | സീ.ഗ്രേ. ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. തങ്കമ്മ രാമൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.2015 മുതൽ18.11.2015 വരെ |
| | ശ്രീമതി. ഷീബ രാജശേഖരൻ | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. എം.എസ്.സുരേഷ് | 01.04.2015 മുതൽ 22.01.2016 വരെ |
| | ശ്രീ. എസ്.ഗോപകുമാർ (എച്ച്.സി.-അധിക ചുമതല) | 23.01.2016 മുതൽ 07.02.2016 വരെ |
| | ശ്രീ. പി. കെ. ഓമനക്കുട്ടൻ | 08.02.2016 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.എഞ്ചിനീയർ | ശ്രീമതി. കെ. ബുഷറ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. എം. ജെറീഷ് | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സിജി ആന്റണി | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ജിഷ ജോസഫ് | 01.04.2015 മുതൽ 23.12.2015 വരെ |
| | ശ്രീമതി. അലീന ചാക്കോ | 24.12.2015 മുതൽ 01.02.2016 വരെ |
| | ശ്രീമതി. ജാനറ്റ് എം. സേവ്യർ | 02.02.2016 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. | ശ്രീമതി. മായാ കൃഷ്ണൻ | 01.04.2015 മുതൽ 29.02.2016 വരെ |

| | | | |
|---|---|---|---|
| | | ശ്രീ. രതീഷ്. കെ | 01.03.2016 മുതൽ 15.03.2016 വരെ |
| | | ശ്രീമതി. സരിത ഇബ്രാഹിം | 16.03.2016 മുതൽ 31.03.2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി. കെ. കെ. ഉഷാഭായി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ. ഷാമോൻ ലൂക്ക് | 01.04.2015 മുതൽ31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | ആരോഗ്യം | ഡോ. സാം. വി. ജോൺ | 01.04.2015 മുതൽ 31.03.2016 വരെ |
| | ആയുർവേദം | ഡോ. ബിനോഡ്. കെ. ജോസ് | 01.04.2015 മുതൽ 31.03.2016 വരെ |
| | ഹോമിയോ | ഡോ. പി. വി. ചിത്ര | 01.04.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകത | 1-12 |
| | ഭാഗം 2 | |

| | | |
|---|---|---|
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തത് | 2-1 |
| | ഭാഗം 3 | |
| 14 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് | 3-1 |
| 15 | എസ്.ടി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ – അധിക സബ്സിഡി നല്കിയത് | 3-2 |
| 16 | ചെലവ് തടസ്സം | 3-3 |
| 17 | ഡെപ്പോസിറ്റ് വർക്ക - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-4 |
| 18 | ശാരീരീക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടത്ര ധനസഹായം നല്കുന്നില്ല | 3-5 |
| 19 | തെരുവ് വിളക്കുകൾ സംബന്ധിച്ച് | 3-6 |
| 20 | വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച് | 3-7 |
| 21 | ആശ്രയ അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നത് | 3-8 |
| 22 | സമാഹൃത റിപ്പോർട്ടിലേക്കുള്ള പരാമർശം | 3-9 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 10.03.2015ലെ (4) തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 25.02.2016 തീയതിയിലെ (1) തീരുമാനപ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം ₹11,63,50,135/- വരവും ₹12,77,78,785/- ചെലവും രേഖപ്പെടുത്തിയിരിക്കുന്നു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിരുന്നെങ്കിലും യഥാർത്ഥ വരവ് ചെലവുമായി വളരെയധികം അന്തരം കാണുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 01.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹3,65,05,263 |
| വരവ് | ₹4,37,63,075 |
| ആകെ | ₹8,02,68,338 |
| ചെലവ് | ₹6,03,30,166 |
| നീക്കിയിരിപ്പ് | ₹1,99,38,172 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 1723525 | 14533894 | 162574119 | 9150973 | 56.29 |
| | എസ്.സി.പി. | 727181 | 1841000 | 2568181 | 741329 | 28.87 |
| | ടി.എസ്.പി. | 5498235 | 12173000 | 17671235 | 13687665 | 77.46 |
| സംരക്ഷണഗ്രാന്റ് | റോഡ് | 1003355 | 2840000 | 3843355 | 3268453 | 85.04 |

| | | | | | | |
|---|---|---|---|---|---|---|
| | നോൺറോഡ് | 1069293 | 2571000 | 3640293 | 3073302 | 84.42 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 3385350 | 3371098 | 6756448 | 5887972 | 87.15 |
| പെർഫോമൻസ് ഗ്രാന്റ് | | 3543309 | 1165756 | 4709065 | 2165756 | 45.99 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 777 | 714979 | 715756 | 563889 | 78.78 |
| ബി-ഫണ്ട് | | 0 | 20099484 | 20099484 | 20099484 | 100 |

## 1-6 പദ്ധതി അവലോകനം

പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 84001460 | 183 | 39340798 | 10 | 42 | 81.33 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

– ഇല്ല –

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 38.12 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3316799 | 2129348 | (-)1187451 | (-)35.80 |
| നികുതിയേതര വരവുകൾ | 774055 | 285711 | (-)488344 | (-)63.08 |
| മറ്റുവരവുകൾ | 420086 | 376520 | (-)43566 | (-)10.37 |
| ആകെ | 4510940 | 2791579 | (-)1719361 | (-)38.12 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 261360 | 160 |
| കർഷകതൊഴിലാളി പെൻഷൻ | 1564680 | 177 |

| | | |
|---|---|---|
| വിധവാപെൻഷൻ | 5412040 | 513 |
| വാർദ്ധക്യകാലപെൻഷൻ | 9862520 | 1194 |
| വികലാംഗപെൻഷൻ | 2528940 | 228 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 368880 | 33 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹11,618/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായി രജിസ്റ്റർ പരിപാലിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് ബുക്കിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.2016 | 11/2016 | 09.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.03.2007 മുതൽ 30.03.2007 വരെ | 2003-04 | 28.06.2007 |

## 1-12 വാർഷിക കണക്ക് അപാകത

സ്ഥാപനത്തിന്റെ വാർഷിക കണക്കിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു :-

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്കിൽ രേഖപ്പെടുത്തി യിരിക്കുന്ന വസ്തുനികുതി കുടിശികയുടെ കൃത്യത വ്യക്തമല്ല.

******************************

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത്

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദ വിവരം ആവശ്യപ്പെട്ട് എൻക്വയറി നം.15 കൊടുത്തതിന് ലഭിച്ച മറുപടിയിൽ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 7 മൊബൈൽ ടവറുകളാണ് ഉള്ളത് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഇതിൽ ഏഴെണ്ണത്തിന്റെയും വസ്തുനികുതി 2015-16 വർഷത്തിൽ ഈടാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

വസ്തുനികുതി നിരക്ക് ഒരു ചതുരശ്രമീറ്ററിന് പരമാവധി ₹500/- നിരക്കിൽ ഈടാക്കാവുന്നതാണ്. അതിൻപ്രകാരം താഴെപറയും പ്രകാരം ₹72,185/- വസ്തുനികുതി ഇനത്തിൽ ഈടാക്കേണ്ടതാണ്.

| ക്രമ നം | മൊബൈൽടവർ | വാർഡ്/കെട്ടിട നം | വിസ്തീർണ്ണം | ഈടാക്കേണ്ട തുക ₹ |
|---|---|---|---|---|
| 1 | ഭാരതി എയർടെൽ, കലയന്താനി , | I/293 | 22M2 | 11000 |
| 2 | ഇൻഡസ് ടവർ, ഇളംദേശം | 2/311 | 20M2 | 10000 |
| 3 | വോഡഫോൺ, ഇളംദേശം | 3/246 | 15M2 | 7500 |
| 4 | എയർടെൽ,പന്നിമറ്റം | 5/277 | 12M2 | 6000 |
| 5 | ഇൻഡസ് ടവർ , വെള്ളിയാമറ്റം | 12/183 | 24.74M2 | 12370 |
| 6 | ഇൻഡസ് ടവർ, കാഞ്ഞാർ | 14/261 | 32.1M2 | 16050 |
| 7 | വോഡഫോൺ, കാഞ്ഞാർ | 14/359 | 18.53M2 | 9265 |
| | | | ആകെ | 72185 |

## 2-2 പരസ്യനികുതി ഈടാക്കുന്നില്ല

പരസ്യനികുതി ഈടാക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബൈലോയ്ക്ക് 02.11.2016ലെ സി.5-3467/16 നമ്പർ ഉത്തരവ് പ്രകാരം സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും പരസ്യനികുതി ഈടാക്കുന്നതിന് നാളിതുവരെ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് സെക്രട്ടറിയുടെ അനുമതി ആവശ്യമാണെങ്കിലും ഗ്രാമപഞ്ചായത്തിന്റെ

അനുമതിയില്ലാതെയാണ് പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ളത്. പരസ്യ നികുതി നിരക്ക് നിർണ്ണയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും കഴിയാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ഗണ്യമായ നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

*************************

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്യാസധിഷ്ഠിത പൊതു ശ്മശാനം നിർമ്മാണം - പദ്ധതി നിർവ്വഹണത്തിൽ വ്യാപക ക്രമക്കേടുകൾ

| | | |
|---|---|---|
| പ്രോജക്ട് നം | 197/14 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | |
| അളവു പുസ്തകം | 1899&1900 | |
| പദ്ധതി അടങ്കൽ | ₹7,00,000/- | വികസന ഫണ്ട് |
| | ₹3,00,000/- | ജില്ലാ പഞ്ചായത്ത് വിഹിതം |
| | ₹1,00,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | ₹2,65,705/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | ₹26,49,295/- | മറ്റുള്ളവ |

ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പൊതു ശ്മശാനം ആധുനികവൽക്കരിച്ച് ഗ്യാസധിഷ്ഠിത പൊതു ശ്മശാനമായി വിപുലീകരിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. 24.01.2014ലെ 1(2)-ാം നമ്പർ തീരുമാന പ്രകാരം പൊതു ശ്മശാനത്തിന്റെ നവീകരണം അക്രഡിറ്റഡ് ഏജൻസിയായ COSTFORDനെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഏല്പിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്ക് 28.02.2014ൽ ഡി.പി.സി അംഗീകാരം ലഭിക്കുകയും ചെയ്തു. COSTFORDമായി 05.03.2014ൽ കരാർ ഒപ്പുവച്ച പ്രവൃത്തി (കരാർ നം.1000/2013-14) 23.03.2016ൽ പൂർത്തീകരിച്ചതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ടെങ്കിലും പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകളാണ് ഉണ്ടായിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ ഏല്പിച്ച പ്രവൃത്തി വ്യക്തമായ കാരണം കൂടാതെ അക്രഡിറ്റഡ് ഏജൻസിക്ക് കൈമാറി

ഗ്രാമപഞ്ചായത്തിലെ LSGD എഞ്ചിനിയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് കോൺട്രാക്ടർ ശ്രീ. ബിനുരാജുവുമായി കരാർ ഒപ്പുവച്ച പദ്ധതി (പ്രോജക്ട്116/13) നിലനിൽക്കേയാണ് കരാറുകാരനെ ടെർമിനേറ്റ് ചെയ്യാതെ പദ്ധതി അടങ്കലിൽ മാറ്റം വരുത്തി 197/14 നമ്പർ ആയി മറ്റൊരു പദ്ധതി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല COSTFORDനെ ഏല്പിക്കുകയും ചെയ്തു. ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞ പദ്ധതിയുടെ കാര്യത്തിൽ പ്രവൃത്തി നടപ്പിലാക്കുവാൻ കഴിഞ്ഞില്ലെങ്കിൽ മാത്രമേ

അക്രഡിറ്റഡ് ഏജൻസിയെ ഏല്പിക്കുവാൻ പാടുള്ളൂ എന്ന തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 17.09.2007ലെ 56209/ഡി.ഡി1/07 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല COSTFORDനെ ഏല്പിച്ചിട്ടുള്ളത്.

2. <u>നിർവ്വഹണ ഏജൻസിക്ക് പൂർണ്ണമായും അനുകൂലമായ രീതിയിൽ വ്യവസ്ഥകളുണ്ടാക്കി കരാർ ഒപ്പുവച്ചു</u>

നിർവ്വഹണ ഏജൻസിയായ COSTFORDന് പൂർണ്ണമായും അനുകൂലമായ രീതിയിലാണ് വ്യവസ്ഥകൾ തയ്യാറാക്കി കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി അളവുകൾ അളവ്പുസ്തകത്തിൽ രേഖപ്പെടുത്തുവാനും ചെക്ക്മെഷർ ചെയ്യുവാനുമുള്ള അവകാശം നിർവ്വഹണ ഏജൻസിക്ക് കൈമാറി. പൊതുമരാമത്ത് വകുപ്പിന്റെ SOR 2012 പ്രകാരമുള്ള നിരക്കുകൾ അവലംബമാക്കാതെ നിർവ്വഹണ ഏജൻസിയുടെ സ്റ്റാൻഡേർഡ്സ് അനുസരിച്ചുള്ള നിരക്കിനെ അടിസ്ഥാനമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഗ്യാസ് ഫർണസിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രവർത്തന ഘട്ടങ്ങളിൽ എന്തെങ്കിലും തകരാറുകളുണ്ടായാൽ ആയത് പരിഹരിക്കുന്നതിനുള്ള യാതൊരു വ്യവസ്ഥകളും കരാറിൽ ഉൾപ്പടുത്തിയില്ല. പദ്ധതി മോണിട്ടറിംഗ് സംബന്ധിച്ച നിർദ്ദേശങ്ങളും കരാറിൽ ചേർത്തിട്ടില്ല.

3. <u>വിശദമായ സാധ്യത പഠനങ്ങളും മുന്നൊരുക്കങ്ങളും നടത്താതെ പദ്ധതി നടപ്പിലാക്കി</u>

20.06.2014ലെ ഇ-1/12622/14 നമ്പർ ആയി പദ്ധതിക്ക് ജില്ലാ കളക്ടറുടെ അനുമതി ലഭ്യമായിട്ടുണ്ടെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള NOC നാളിതുവരെയും ലഭ്യമായിട്ടില്ല. പൊതു ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിച്ച് യന്ത്രസാമഗ്രികളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമായിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തി നാളിതുവരെയും ആരംഭിച്ചിട്ടില്ല. ഗ്യാസ് ഫർണസിന്റെ ഫിൽട്ടറിംഗ് പ്രവർത്തനത്തിന് ജലത്തിന്റെ ആവശ്യകത ബോധ്യപ്പെട്ടിരുന്നെങ്കിലും ജലലഭ്യത ഉറപ്പ് വരുത്താതെയാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയത്. പദ്ധതി സ്ഥലത്ത് കുഴൽ കിണർ നിർമ്മാണത്തിനായി 2015-16 വർഷം ₹39,450- ചെലവഴിച്ചിട്ടുണ്ടെങ്കിലും ജലം ലഭ്യമാകാത്തതിനാൽ പ്രസ്തുത ആവശ്യത്തിന് ചെലവഴിച്ച തുക മുഴുവനും പാഴായിരിക്കുകയാണ്. ശ്മശാനത്തിന്റെ പ്രവർത്തനാവശ്യമായ ഫർണസും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്തിട്ടുള്ളത് ഹൈ-ടെക്, പത്തനംതിട്ട എന്ന സ്വകാര്യ സ്ഥാപനമാണ്. ഗ്യാസ് ഫർണസിന്റെ ഗുണനിലവാരം, വില എന്നിവ ഉറപ്പ് വരുത്തുന്നതിനാവശ്യമായ യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചില്ല. ഗ്യാസ് ഫർണസിന്റെ നിർമ്മാണ തീയതി, ബ്രാന്റ് നെയിം എന്നിവ വ്യക്തമല്ല. 03/16ൽ സ്ഥാപിച്ചിട്ടുള്ള ഫർണസിന്റെ വാറന്റി കാലാവധി 03/17ൽ അവസാനിക്കുകയാണെങ്കിലും പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ നാളിതുവരെയും കഴിഞ്ഞിട്ടില്ല.

4. <u>ചെയ്യാത്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി നിർവ്വഹണ ഏജൻസി അന്തിമ ബിൽ സമർപ്പിച്ചു</u>

23.03.2016ൽ നിർവ്വഹണ ഏജൻസിയായ COSTFORD പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ടും അന്തിമ ബില്ലും ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിക്ക് നാളിതുവരെ വിവിധ പാർട്ട് ബില്ലുകളിലായി നല്കിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഡി.ഡി. നം/തീയ്യതി | തുക **(₹)** | ഫണ്ട് ഇനം |
|---|---|---|
| 399186/11.4.14 | 265705 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 399185/11.4.14 | 700000 | ലോക ബാങ്ക് |
| 877474/30.1.15 | 500000 | ലോക ബാങ്ക് |

| ഡി.ഡി. നം/തീയ്യതി | തുക (₹) | ഫണ്ട് ഇനം |
|---|---|---|
| 877475/3.7.15 | 500000 | ഗവ. വിഹിതം |
| 830776/3.7.15 | 1000000 | ലോക ബാങ്ക് |
| ആകെ | 2965705 | |

23.03.2016 ലെ അന്തിമ ബില്ല് പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യം ₹34,56,581.81/- ആണ്. 12/01/17ൽ പദ്ധതി സ്ഥലം നേരിട്ട് പരിശോധിച്ചതിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പല പ്രവൃത്തികളും നിർവ്വഹണ ഏജൻസി ചെയ്തിട്ടില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. നിർവ്വഹണ ഏജൻസി ചെയ്തിട്ടില്ലാത്തതും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക ക്ലെയിം ചെയ്തിട്ടുള്ളതുമായ പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ജനറേറ്റർ റൂം നിർമ്മാണം

| അളവുപുസ്തകത്തിലെ ഇനം നമ്പർ | പ്രവൃത്തി ഇനം | അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് | നിരക്ക് | തുക(₹) |
|---|---|---|---|---|
| 2 | Excavation of earth in hard soil | 14.319m3 | 2356/10m3 | 3374 |
| 3 | RR Masonry | 7.220m3 | 3029/m3 | 21869 |
| 4 | Earth filling | 4.339m3 | 3707/10m3 | 1608 |
| 7 | Brick work in Femish bond | 7.76m3 | 7051/m3 | 54716 |
| 16 | Providing MS grills for windows,ventilators& generator room | 485.62kg | 8997/Qtl | 43691 |
| 28 | Floor finish with cement grout over cement plaster | 26.3m2 | 2309/10m2 | 6073 |
| | | | ആകെ | 131331 |

2. സംഭരണ ടാങ്ക്

| | | |
|---|---|---|
| supplying&fixing RCC ring | 2Nos | ₹20,000/- |

3. മേൽക്കൂര

| | | | | |
|---|---|---|---|---|
| 35 | Synthetic enamel painting over iron work | 198m2 | 795/10m2 | ₹1,574/- |

നിർവ്വഹണ ഏജൻസി ചെയ്യാത്ത പ്രവൃത്തി ഇനങ്ങളുടെ പേരിൽ ₹1,67,072/- അധികം ഫൈനൽ ബില്ലിൽ ക്ലെയിം ചെയ്തിട്ടുള്ളതായി കാണുന്നു.

5.ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം വാങ്ങാതെ എസ്റ്റിമേറ്റിൽ സാരമായ വ്യതിയാനങ്ങൾ വരുത്തി പ്രവൃത്തികൾ ചെയ്തു

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച എസ്റ്റിമേറ്റിലെ പല ഇനങ്ങളിലും സാരമായ വ്യതിയാനങ്ങൾ വരുത്തിയാണ് നിർവ്വഹണ ഏജൻസി പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. എന്നാൽ നിർവ്വഹണ ഏജൻസിക്ക് അനുകൂലമായ രീതിയിൽ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തിയിട്ടും ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം നേടിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി ഇനം നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ച അളവ് | വ്യതിയാനം വരുത്തി ചെയ്ത പ്രവൃത്തിയുടെ അളവ് | വ്യതിയാന ശതമാനം |
|---|---|---|---|---|
| 2 | Earth work excavation | 45m3 | 61.111m3 | 35.5 |
| 3 | RR masonry | 31m3 | 57.078m3 | 84.3 |
| 8 | Brick work in 11cm thick | 25.50m2 | 39.105m2 | 54 |
| 10 | Wall plastering inside the super structure | 111.5m2 | 188.572m2 | 69 |
| 16 | Providing Ms grills | 378kg | 545.27kg | 44.8 |
| 22 | Plastering over roof slab | 53m2 | 87.819m2 | 66 |
| 23 | White cement washing two coats | 129m2 | 188.572m2 | 46 |
| 24 | Finishing new cement plastered walls with water proof paint | 129m2 | 188.572m2 | 46 |

പദ്ധതിയുടെ അന്തിമ ബിൽ തുക നാളിതുവരെയും നിർവ്വഹണ ഏജൻസിക്ക് നല്കിയിട്ടില്ലെങ്കിലും ഫലപ്രദമായ മോണിട്ടറിംഗ് നടത്താതെയാണ് വിവിധ പാർട്ട് ബില്ലുകളിലായി ₹29,65,705/- നിർവ്വഹണ ഏജൻസിക്ക് നല്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള LSGD എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ സേവനം പോലും അളവുകൾ ചെക്ക്മെഷർ ചെയ്യുന്നതിൽ ഗ്രാമപഞ്ചായത്ത് ഉപയോഗപ്പെടുത്തിയില്ല.

ചുറ്റുമതിൽ നിർമ്മാണം, പൂന്തോട്ട നിർമ്മാണം, ചിതാഭസ്മം ശേഖരിക്കുന്നതിനുള്ള സംഭരണ ടാങ്ക് എന്നിവയുടെ നിർമ്മാണം നാളിതുവരെയും ആരംഭിക്കുവാൻ പോലും കഴിഞ്ഞിട്ടില്ല. ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ ഒരുക്കിയിട്ടില്ല. നാളിതുവരെയായി ₹29,65,705/- ചെലവഴിച്ച പദ്ധതി ഇപ്പോൾ നിഷ്ക്രിയാവസ്ഥയിലാണ്.

അന്തിമ ബില്ലിലും അളവ്പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുള്ള അളവുകളുടെ കൃത്യത പരിശോധിച്ച് നിർവ്വഹണ ഏജൻസിക്ക് അധിക തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിലുണ്ടായിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിനും ശുപാർശ ചെയ്യുന്നു.

## 3-2 എസ്.റ്റി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ പഠനോപകരണം - സബ്സിഡി തുക അധികമായി നൽകിയിരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് | S0165/16<br>എസ്.റ്റി.വിദ്യാർത്ഥികൾക്ക് പഠനോപകരണം |
| അടങ്കൽ | ₹4,50,000/- വികസന ഫണ്ട് (ടി.എസ്.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ്, നാളിയാനി |
| ബിൽ നം. | 1/5-16, തീ.19.01.2016 ₹4,45,000/- |

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം നടപ്പാക്കിയ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എസ്. റ്റി. വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന പദ്ധതിയിൽ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർപ്രൈസസ്, കച്ചേരിപ്പടി എന്ന സ്ഥാപനത്തിൽ നിന്നും ₹4,45,000/-യ്ക്ക് 100 മേശയും 100 കസേരയും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥിക്ക് മേശയും കസേരയും വാങ്ങി നൽകിയതിന് മേൽ സൂചിത ബിൽ പ്രകാരം ചെലവ് ₹4,45,000/- വന്നിരിക്കുന്നു. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകുന്നതിന് ₹4,000/- ധനസഹായം നൽകാവുന്നതാണെന്ന് 16.11.2013 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. അനുബന്ധം 16 ഖണ്ഡിക 6.8(3)ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓരോ വിദ്യാർത്ഥിക്കും ₹4,450/-യുടെ പഠനോപകരണം വാങ്ങി നൽകിയിട്ടുണ്ട്.(100 കുട്ടികൾക്ക് ₹4450/- നിരക്കിൽ₹445000/-)

അധികമായി നൽകിയ ₹45000/- ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

## 3-3 സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് സംബന്ധിച്ച് -

| | |
|---|---|
| ബിൽനം./തീയതി/തുക | 5/15-16/28.01.2016, ₹3,00,000/- |
| പ്രോജക്റ്റ് നമ്പർ | 166/16 |
| അടങ്കൽ | ₹3,00,000/- |

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥി തനത് കലാപഠനം എന്ന പദ്ധതിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തനത് കലകളിൽ അഭിരുചി വളർത്തുന്നതിനും ഇതരകലാരൂപങ്ങൾ (പരിചമുട്ടുകളി, കോൽകളി, ചെണ്ട, നൃത്തം) തുടങ്ങിയവയ്ക്ക് പരിശീലനം നൽകുന്നതിനായി ₹3,00,000/- ചെലവഴിച്ചിട്ടുണ്ട്. 16.11.2013ലെ

ജി.ഒ.എം.എസ്.362/13/തസ്വഭവ പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത കാര്യങ്ങൾക്ക് തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ടെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ചെലവഴിച്ച ₹3,00,000/- തടസ്സപ്പെടുത്തുന്നു.

## 3-4 റോഡ് കോൺക്രീറ്റിംഗ് - അധിക നിരക്ക് നല്കി

നിലവിലുള്ള ഡി.ആർ പായ്ക്കിംഗ് റോഡിന് മുകളിൽ 10 സെ.മീ. കനത്തിൽ 20എം.എം മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് ചെയ്യുന്നതിനുള്ള രണ്ട് പദ്ധതികൾ അസി. എഞ്ചിനിയർ നടപ്പിലാക്കിയിട്ടുണ്ട്. ഡി.എസ്.ആർ. 11.7 പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് ₹7,058.80/എം3 ആണ്(without CP). എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ₹8,063.75/m3 നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി നം/ പദ്ധതിയുടെ പേര് | അളവ് ബുക്ക്/ കൺവീനർ | ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയുടെ അളവ് | ബിൽ നം/ തീയതി | നല്കിയ തുക₹ **@8063.75/m3** | അടങ്കലിൽ പരിമിതപ്പെടുത്തിയ തുക ₹ | നല്കാവുന്ന തുക ₹ **@7058.8/m3** | അധികം നല്കിയ തുക ₹ |
|---|---|---|---|---|---|---|---|
| 181/16 കട്ടവാക്കയം തെക്കേമല റോഡ് | 45/15-16 കൺ. ജോർജ്ജ്കുട്ടി നമ്പൂടാകത്ത് | 5.852m3 | 47 തീ 29.12.14 | 47189 | 47189 | 41308 | 5881 |
| 208/16 ഇഞ്ചക്കാട്ടുകവല മുണ്ടിയാനിമല റോഡ് | 69/15-16 കൺ. റിജോ പാമ്പാറ | 9m3 | 98 തീ. 31.3.16 | 72574 | 70755 | 63529 | 7226 |
| | | | | | | ആകെ | 13107 |

അധികം നല്കിയ ₹13,107/- കൺവീനർമാരിൽ നിന്നോ, ഉത്തരവാദിയായ അസി.എഞ്ചിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, എന്നിവരിൽ നിന്ന് തുല്യമായോ ഈടാക്കേണ്ടതാണ്.

## 3-5 മീഡിയാശ്രീ-പൂർത്തീകരണ വിവരം ലഭ്യമല്ല- ₹65,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹65,000/- |

| | |
|---|---|
| പ്രോജക്ട് നം. | 27/16 |
| ബിൽ നം./തീയതി/തുക | 1/15-16 /15.06.2015, ₹65,000/- |

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലുള്ള ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളാക്കി പുറത്തിറക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ ഡയറക്ടർക്ക് ₹65,000/- നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട യാതൊരു വിവരങ്ങളും ഗ്രാമപഞ്ചായത്തിൽ നാളിതുവരെയും ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ₹65,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾക്കായി തുകകൾ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ / തിയതി | തുക ₹ | റിമാർക്സ് |
|---|---|---|---|---|
| 1 | 12,13,15 വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 61/15-16/ 10.03.2016<br>62/15-16/ 10.03.2016 | 46324<br>61543 | എക്സി.എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ മൂലമറ്റത്തിന് നൽകി |
| 2 | വൈദ്യുതീകരിച്ച സ്ഥാപനങ്ങൾക്ക് സി.ഡിഅടയ്ക്കൽ | 46/15-16/ 21.10.2015 | 22500 | -ടി- |
| 3 | 72-ാംനമ്പർ അംഗൻവാടിക്ക് പൈപ്പ് ലൈൻ കണക്ഷൻ | 60/15-16/ 10.03.2016 | 17036 | -ടി- |
| 4 | ഘടക സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ | 82/15-16/ 31.03.2016 | 53250 | -ടി- |
| 5 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 80/15-16/ 28.03.2016 | 299545/- | -ടി- |
| 6 | പകൽ വീടിന് കുഴൽ കിണറും അനുബന്ധ ഉപകരണങ്ങളും | 37/15-16/ 05.05.2015<br>56/15-16/ 27.02.2016 | 1750<br>41176 | ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, തൊടുപുഴയ്ക്ക് നൽകിയത് |

| | | | | |
|---|---|---|---|---|
| 7 | പൊതു ശ്മശാനത്തിന് കുഴൽ കിണറും അനുബന്ധ ഉപകരണങ്ങളും | 2/15-16/ 15.06.2015 | 39450 | -ടി- |
| | | ആകെ | 582574 | |

രേഖകളുടെ അഭാവത്തിൽ ₹5,82,574/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് തുകകൾ പിൻവലിച്ച് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ₹29,75,325/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്,പ്രോജക്ട് നം. | ബിൽ നമ്പർ/തിയതി | തുക | ആർക്ക് നൽകി |
|---|---|---|---|---|
| 1 | ഐ.എ.വൈ വിഹിതം-(റ്റി.എസ്.പി) പ്രോജക്ട് നം.3/16 | 3//16/29.06.2015 | 2307500 | ബി.ഡി.ഓ ഇളംദേശം ബ്ളോക്ക് പഞ്ചായത്ത് |
| 2 | ഐ.എ.വൈ വിഹിതം (ജനറൽ) പ്രോജക്ട് നം.1/16 | 7/15-16 /26.06.2015 | 520000 | ബി.ഡി.ഓ ഇളംദേശം ബ്ളോക്ക് പഞ്ചായത്ത് |
| 3 | ഐ.എ.വൈ വിഹിതം (എസ്.സി.പി) പ്രോജക്ട് നം.02/16 | 4/16/26.06.2015 | 80000 | ബി.ഡി.ഓ ഇളംദേശം ബ്ളോക്ക് പഞ്ചായത്ത് |
| 4 | ഐ.കെ.എം പ്രോജക്ട് നം.247/16 | 81/15-16 /31.03.2016 | 67825 | ഡയറക്ടർ,കേരളാ സാക്ഷരതാ മിഷൻ,തിരുവനന്തപുരം |

| | | | | |
|---|---|---|---|---|
| | | ആകെ | 2975325 | |

## 3-8 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടത്ര ധനസഹായം നൽകുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നം. : 52/16

ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ജില്ലാപഞ്ചായത്ത് വിഹിതവും ബ്ലോക്ക്പഞ്ചായത്ത് വിഹിതവും വകയിരുത്താതെയാണ് പദ്ധതി ആവിഷ്കരിച്ചത്. ടി വിഹിതങ്ങൾ മുഴുവനും ലഭ്യമാക്കി ചെലവഴിക്കുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. വരുംവർഷങ്ങളിൽ ഇത്തരം വിഭാഗങ്ങൾക്കായി പദ്ധതി ആവിഷ്കരിക്കുമ്പോൾ അർഹമായ മുഴുവൻ തുകയും ലഭിക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പൂച്ചപ്ര പി.എച്ച്.സി യുടെ അറ്റകുറ്റ പണി-നീക്കം ചെയ്തതും ഉപയോഗ യോഗ്യമായതുമായ സാധന സാമഗ്രികൾ ലേലം ചെയ്തു നല്കിയിട്ടില്ല

പൂച്ചപ്ര പി.എച്ച്.സി യുടെ അറ്റകുറ്റ പണി സമയത്ത് അളവു ബുക്ക് 44/14-15 ഇനം 1, 3 എന്നിവ പ്രകാരം നീക്കം ചെയ്തതും ഉപയോഗ യോഗ്യമെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയതുമായ താഴെ പറയുന്ന സാധന സാമഗ്രികൾ നാളിതുവരെയും ലേലം ചെയ്തു നല്കിയിട്ടില്ല.

1.മാംഗ്ലൂർ പാറ്റേൺ ടൈൽസ്- 2060 എണ്ണം

2.തടി -0.387എം3

സാധന സാമഗ്രികൾ ലേലം ചെയ്ത് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 തെരുവ് വിളക്കുകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ തൻവർഷം വരെ ₹8777/- പ്രതിമാസ നിരക്കിൽ ₹105324/- വൈദ്യുതി ചാർജ്ജ് ഇനത്തിൽ വൈദ്യുതി ബോർഡിലേക്ക് അടച്ചിട്ടുണ്ട്. എന്നാൽ ഇനം, ബൾബ്, സോഡിയം വേപ്പർ ലാമ്പ് തുടങ്ങിയവയുടെ എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച്

വെള്ളക്കരം ഇനത്തിൽ 184 ടാപ്പുകൾക്ക് 4/15 മുതൽ 3/16വരെ ₹80,500/- നിരക്കിൽ ₹9,66,000/- വാട്ടർ അതോറിറ്റിയിലേക്ക് അടച്ചിട്ടുണ്ട്. 184 ടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയവ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.ആർ.ടി. 2242/2011/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നാളിതുവരെയും സംയുക്തപരിശോധന

നടത്തിയിട്ടില്ല. സംയുക്തപരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 കുടുംബശ്രീക്ക് കമ്പ്യൂട്ടർ വാങ്ങി നൽകിയത് -

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും എന്ന പദ്ധതിയിൽ 7 ഡെസ്ക് ടോപ്പ് വാങ്ങിയതിൽ ഒരെണ്ണം കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്. 29.02.2016ലെ അജണ്ട 9 പ്രകാരം കുടുംബശ്രീയുടെ കമ്പ്യൂട്ടർ പ്രവർത്തനരഹിതമായതിനാൽ ആയത് നന്നാക്കി കിട്ടുന്നതുവരെ പഞ്ചായത്ത് ലൈബ്രറിയിലേക്ക് വാങ്ങിയ കമ്പ്യൂട്ടർ കുടുംബശ്രീക്ക് നൽകുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായും തിരികെ വാങ്ങിയിട്ടില്ല. ആയത് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 ആശ്രയ അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നത്

ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് വേണ്ടി ആവിഷ്കരിച്ച ആശ്രയ അക്കൗണ്ടിൽ 31.03.2016ൽ ₹15,55,864/-ഉം 16.11.2016ൽ ₹13,77,569/-ഉം അവശേഷിക്കുന്നു. ടി തുക അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിക്കാതെ അഗതികളുടെ ക്ഷേമത്തിനും വികസനത്തിനുമായി ഉപയോഗിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**********************

# ഭാഗം-4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 12,13,15 വാർഡുകളിൽ കേരളാ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടൽ | 61/15-16/ 10.03.16 ₹46,324/- 62/15-16/ 10.03.16 ₹61,543/- | 107867 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | |
| കെ.എസ്.ഇ.ബി | വൈദ്യുതീകരിച്ച സ്ഥാപനങ്ങൾക്ക് സി.ഡി.അടയ്ക്കൽ | 46/15-16/ 21.10.15 | 22500 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | |
| കേരള വാട്ടർ അതോറിറ്റി | 72-ാം അംഗൻവാടിക്ക് പൈപ്പ് കണക്ഷൻ | 60/15-16/ 10.03.16 | 17036 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഘടക സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | 82/15-16/ 31.03.16 | 53250 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 80/15-16/ 28.03.26 | 299545 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | |
| ഗ്രൌണ്ട് വാട്ടർ | പകൽവീടിന് കുഴൽ കിണർ | 37/15-16/ 05.05.15 ₹11,91,750/- 56/15-16/ 27.02.16 ₹41,176/- | 42926 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പൊതു ശ്മശാനത്തിന് കുഴൽകിണറും അനുബന്ധ ഉപകരണങ്ങളും | 2/15-16/ 15.06.15 | 39450 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹208/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2003-04 | 31 | 208 | ശ്രീ. കെ.കെ.ശശി | 11501100646/19.8.2015 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19 | 1999-2000 | | അലോട്ട്മെന്റ് തുക നഷ്ടപ്പെടുത്തി | |

| | | | | | |
|---|---|---|---|---|---|
| 1997-98 | 28 | 1999-2000 | | സാധനസാമഗ്രികളുടെ വില അധികം നൽകി | |
| 1998-99 | 3-24 | 2000-01 | | അനവദനീയമല്ലാത്ത ഹിൽടാക്റ്റ് അലവൻസ് നൽകിയത് | |
| 1999-2000 | 3-29 | 2001-02 | | മണൽവാരൽ അവകാശം ലേലതുകയിൽ ഇളവ് നൽകിയത് ക്രമവിരുദ്ധം | |
| 2004-05 | 3-7 | 2006-07 | | ഓഡിറ്റ് സമയത്ത് വൌച്ചറുകൾ, ഫയലുകൾ , കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2005-06 | 2-3 | 2009-10 | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടക യ്ക്കെടുന്നവരുമായി കരാർ ചമയ്ക്കാത്തത് (വെള്ളിയാമറ്റം പഞ്ചായത്ത് വക കടമുറികൾ) | |
| 2006-07 | 3-8 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം (കെ.എസ്ഇ.ബി.567425) | |
| | | 2013-14 | 5.1.5(8) | 2004-05ൽ 203922/-ചെലവഴിച്ച് വിവിധ സ്ഥാപനങ്ങളിലായി സ്ഥാപിച്ച മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമല്ല | |
| | | 2013-14 | 5.1.5(11) | 1.ഇറുക്കുപാലം കുടിവെള്ള പദ്ധതിയുടെ മോട്ടോർ പ്രവർത്തിക്കുന്നില്ല. കുട്ടവാക്കയം കുടിവെള്ള പദ്ധതി ജല ലഭ്യത കുറവായതിനാൽ 2001-02 മുതൽ പ്രവർത്തിക്കുന്നില്ല. 2001-02 ൽ പൂർത്തികരിച്ച കൈക്കമല പദ്ധതി പ്രവർത്തനരഹിതമാണ്.<br>2. കൂവക്കണ്ടം അറുത്തടി പാലം കുടിവെള്ള പദ്ധതിയും ഓത്തുപാറ – ഊഞ്ഞാൽപടി പദ്ധതിയും പൂർത്തിയായിട്ടില്ല.<br>3. മുത്തേട്-പതിക്കമല കുടിവെള്ള കിണർപൂർത്തിയായിട്ടില്ല | |
| | | 2013-14 | 5.1.5(2) | വർക്കിംഗ് ഗ്രൂപ്പുകളുടെ | |

| | | | | | |
|---|---|---|---|---|---|
| | | | | പ്രവർത്തനം തൃപ്തികരമല്ല | |
| | | 2013-14 | 5.1.5(13) | കുടിവെള്ള പദ്ധതികളുടെ ചുമതല കരാർ ചമച്ച് കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43763075 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60330166 |
| വരവിനങ്ങളിലുള്ള നഷ്ടം | 72185 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 58107 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3922899 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | - | 72185 | ശ്രീ. എം. എസ്. സുരേഷ്, സെക്രട്ടറി |
| 3-2 | - | 45000 | ശ്രീ. ഷാമോൻ ലൂക്ക്, ഹെഡ് മാസ്റ്റർ |
| 3-4 | - | 13107 | (₹6,553/-)ശ്രീമതി. കെ. ബുഷറ, അസി. എഞ്ചിനീയർ |
| | | | (₹6,554/-)ശ്രീമതി. ജിജി തോമസ് , അസി. എക്സി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 300000 | ശ്രീ.ഷാമോൻ ലൂക്ക്, ഹെഡ് മാസ്റ്റർ |
| 3-5 | 65000 | ശ്രീ.സുരേഷ് എം.എസ്, സെക്രട്ടറി |
| 3-6 | 582574 | ശ്രീ.സുരേഷ് എം.എസ്, സെക്രട്ടറി |
| 3-7 | 2975325 | (₹29,07,500/-) ശ്രീ. എം. എസ്. സുരേഷ്, സെക്രട്ടറി |

| | | |
|---|---|---|
| | | (₹67,825/-) ശ്രീ. പി. കെ. ഓമനക്കുട്ടൻ, സെക്രട്ടറി |
| ആകെ | 3022899 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

– ഇല്ല –

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

– ഇല്ല –

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷാമോൻ ലൂക്ക് ഹെഡ് മാസ്റ്റർ | എസ്.എസ്.എ., ഇടുക്കി,തൊടുപുഴ | വെട്ടുപാറയ്ക്കൽ പുതുപ്പരിയാരം തൊടുപുഴ |
| ശ്രീമതി.കെ.ബുഷര, എ. ഇ. | എ.ഇ. ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | ഉക്കിണി വീട്ടിൽ, ഇടവെട്ടി പി.ഒ. |
| ശ്രീമതി. ജിജി തോമസ്, എ.എക്സ്.ഇ | എ.എക്സ്.ഇ, ഇളംദേശം ബ്ലോക്ക്പഞ്ചായത്ത് | പെരിങ്ങാരപ്പിള്ളിൽ കൂവള്ളൂർ പി.ഒ എറണാകുളം ജില്ല |
| ശ്രീ. എം. എസ്. സുരേഷ് സെക്രട്ടറി | എസ്. എസ്. ഡി.ഡി.പി., ഇടുക്കി, തൊടുപുഴ | മുട്ടത്ത് വീട് പ്രതീക്ഷനഗർ ഇടവെട്ടി പി.ഒ. തൊടുപുഴ |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്.ഐ.7--550/03/7.10.2004 |
| 2001-02 | എൽ.എഫ്.ഐ.7-145/04/13.5.2004 |
| 2002-03 | എൽ.എഫ്.ഐ.7-406/04/17.8.2004 |
| 2003-04 | എൽ.എഫ്.ഐ.7-515/05/31.12.2007 |
| 2004-05 | എൽ.എഫ്.ഐ.8-226/07/13.3.2007 |
| 2005-06 | എൽ.എഫ്.ഐ.8-703/08/24.2.2009 |
| 2006-07 | എൽ.എഫ്.ഐ.8-792/09/15.3.2010 |

| | |
|---|---|
| 2007-08 | എൽ.എഫ്.ഐ.8-824/10/19.2.2010 |
| 2008-09 | എൽ.എഫ്.ഐ.10-411(എ)19.10.2011 |
| 2009-10 | എൽ.എഫ്.ഐ.10-411(ബി) 25.10.2011 |
| 2010-11 | എൽ.എഫ്.ഐ.10-624/13/26.8.2013/16.12.2013 |
| 2011-12 | എൽ.എഫ്.ഐ.10-56/14/30.4.2014/10.6.2014 |
| 2012-13 | എൽ.എഫ്.ഐ.10-40/15/5.2.2015/9.4.2015 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ. 10/1257/2015/6.11.2015 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.10/583/2016/1.6.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

<u>നം.കെ.എസ്.എ.-ഐ.ഡി.കെ.**-10/67/2017**</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ

Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
തീയതി. 18.01.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ **വെള്ളിയാമറ്റം** ഗ്രാമപഞ്ചായത്തിന്റെ **2015-16** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വെള്ളിയാമറ്റം** ഗ്രാമപഞ്ചായത്തിന്റെ **2015-2016**ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

**<u>No.KSA-IDK/10/67/2017</u>**

Kerala State Audit Department
District Audit Office
Idukki, Thodupuzha

Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
Dated. 18.01.2017

<u>AUDIT CERTIFICATE</u>

Certified that I have audited the Annual Financial Statement of VELLIYAMATTAM Grama Panchayat in Idukki District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Instituitions.

In my opinion, the Financial Statements of VELLIYAMATTAM Grama Panchayat for the 2015-16, except the observations in my audit report properly presents the picture of income and expenditure.

**DEPUTY DIRECTOR**
**IDUKKI**